# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 607 — 29/10/2019 ൽ മറുപടിക്ക്

## സെറിഫെഡിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (സെറിഫെഡ്) നിലവിൽ വന്നത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 1994-ലാണ് സെറിഫെഡ് നിലവിൽ വന്നത്. |
| (ബി) സെറിഫെഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും പ്രസ്തുത സ്ഥാപനം ഇപ്പോൾ നിലവിലുണ്ടോയെന്നും വെളിപ്പെടുത്താമോ;<br>(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സെറിഫെഡിന് ബ്രാഞ്ചുകൾ ഉള്ളതെന്ന് അറിയിക്കാമോ; | (ബി) യും (സി) യും | പട്ടുനൂൽ കൃഷിയും കൈത്തറി വ്യവസായവും സംയോജിപ്പിച്ച് ഗുണനിലവാരമുള്ള പട്ട് വസ്ത്രം നിർമ്മിച്ച് വിപണനം ചെയ്ത് ഈ മേഖലയിൽ സംസ്ഥാനത്തിന് സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് ഉദ്ദേശം. എന്നാൽ സെറിഫെഡ് നിലവിൽ പ്രവർത്തന രഹിതമാണ്. |
| (ഡി) കാസർകോട് മൈലാട്ടിയിൽ സെറിഫെഡ് യൂണിറ്റുണ്ടോയെന്നും ഇവിടെ എത്ര തൊഴിലാളികളുണ്ടെന്നും ഉൽപ്പാദനം നടക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഡി) | കാസർഗോഡ് മൈലാട്ടി സെറിഫെഡ് യൂണിറ്റ് നിലവിലുണ്ടായിരുന്നു. ഇപ്പോൾ ഉൽപ്പാദനം നടക്കുന്നില്ല. 17 തൊഴിലാളികൾ ഉണ്ട്. |
| (ഇ) ഇവിട്ടത്തെ തൊഴിലാളികൾക്ക് ശമ്പളം കിട്ടാതെയായിട്ട് എത്ര മാസമായെന്നും ഇക്കഴിഞ്ഞ ഓണത്തിന് അവർക്ക് ബോണസ് നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ? | (ഇ) | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് 20/01/2016 ന് പ്രസ്തുത യൂണിറ്റ് സെറിഫെഡിന് കൈമാറിയിട്ടുണ്ട്. ഖാദി ബോർഡ് 31/03/2016 വരെ തൊഴിലാളികൾക്ക് വേതനം നൽകിയിട്ടുണ്ട്. 2019 ഓണത്തിന് 2000/- രൂപ വീതം തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന ഉത്സവാനുകൂല്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. |

Radhabhai

സെക്ഷൻ ഓഫീസർ